MR. P. T. CHACKO: ആ ആരോപണം ഈ സഭയിൽ നടന്ന കാര്യങ്ങളെ ശരിച്ചാണോ ?

MR. P. M. VARGHESE: അതേ; അതുകൊണ്ടാണ് ഞാൻ ഇതു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതു്.

MR. PRESIDENT: ലേഖനം ഞാൻ വായിച്ചിട്ടില്ല. അതിനാൽ ഉച്ച കഴിഞ്ഞു് സഭ കൂടുമ്പോൾ അതിനെപ്പറ്റി ആലോചിക്കുന്നതാണ്. ലേഖനം ഏതു തീയതിയിലെ പത്രത്തിലാണ്?

MR. P. M. VARGHESE: [illegible]

ANNOUNCEMENT RE: THE ELECTION OF MEMBERS FOR THE PUBLIC ACCOUNT'S COMMITTEE AND THE UNIVERSITY SENATE.

MR. PRESIDENT: പബ്ലിക്ക് അക്കൗണ്ട്സ് കമ്മറ്റിയിലേക്കും യൂണിവേഴ്സിറ്റി സെനറ്റിലേക്കും ഈ സഭയിൽനിന്നും അംഗങ്ങളെ തിരഞ്ഞെടുത്തയയ്ക്കുന്നതിനുള്ള നോമിനേഷൻ ഇന്നച്ചയ്ക്ക് ഒരുമണിക്ക് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്ന് കഴിഞ്ഞ ദിവസം പ്രസ്താവിച്ചു. എന്നാൽ എല്ലാ പാർട്ടികളും കൂടി യോജിച്ച് നോമിനേഷൻ ലിസ്റ്റ് കൊടുക്കുന്നതിന് ഇതുവരെ സന്നദ്ധമായിരുന്നു എന്നും നോമിനേഷൻ തീയതി മാറ്റിവച്ചാൽ യോജിച്ചുള്ള ഒരു ലിസ്റ്റ് നൽകുവാൻ സാധിക്കുമെന്നും എന്നെ അറിയിച്ചിരിക്കുന്നു. അതിനാൽ ആഗസ്റ്റ് 21-ാംനു- ഉച്ചയ്ക്ക് ഒരു മണിക്കുമുമ്പേ നോമിനേഷൻ ലിസ്റ്റ് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. അന്ന് വൈകുന്നേരം ഡെപ്യൂട്ടി പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ നോമിഷനുപ്പറ്റിയുള്ള സ്ക്രൂട്ടിനി നടത്തുന്നതാണ്. ആഗസ്റ്റ് 22-ാംനു- വൈകുന്നേരം തെരഞ്ഞെടുപ്പ്, ആവശ്യമുണ്ടെങ്കിൽ നടത്തുന്നതായിരിക്കും. ഇനി മൈനാൻഷ്യൽ ബിസിനസ്.

Financial Business.

MR. PRESIDENT: ഇതേ സംബന്ധിച്ച് എനിക്ക് പ്രസ്താവിക്കുവാനുള്ളതു് നിയമസഭാ ചട്ടം 81-ാം രാളനുസരിച്ച് ഏഴു ദിവസമാണ് വോട്ടിങ്ങ് ഓഫ് ഡിമാൻഡ്സിനു കൊടുക്കേണ്ടതായിരിക്കുന്നതു്. ഒരു ദിവസം 81 മണിക്കൂർ ഡിമാൻഡ്സിനു് ഉപയോഗിക്കുന്നതായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കും, എന്നാണെപ്പോലും സ്ഥാവിച്ചിരുന്നത്. എന്നാൽ, എല്ലാ ദിവസവും ഈ നാലു മണിക്കൂർ ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം ഒ മണിക്കൂർമാത്രമേ ചർച്ച ചെയ്യുന്നതിനു സാധിച്ചിട്ടുള്ളു. അങ്ങനെ ഈ സഭയ്ക്കു ഒ മണിക്കൂർ നഷ്ടപ്പെട്ടിട്ടുണ്ടു. അതുകൂടി ചേർത്തു് ഇതിന്റെ സമയം ദീർഘിപ്പിക്കുന്നതാണു് എന്നു്, ഒരു പോയിന്റു് ഓഫ് ഓർഡർ റെയിസു ചെയ്തപ്പോൾ ഞാൻ പ്രസ്താവിച്ചു. എന്നാൽ അതിൽ പിന്നീടു് നാളും മറ്റു സ്ഥലങ്ങളിലേ നടപടികളും നോക്കിയപ്പോൾ അങ്ങനെ ദീർഘിപ്പിക്കുവാൻ സാധിക്കുകയില്ലെന്നാണു് കാണുന്നതു്. ഉദാഹരണമായി മദ്രാസിൽ ഫെ ദിവസമാണു് ധനാഭ്യർത്ഥനകൾ ഫൈനൽ നിശ്ചയിച്ചിരുന്നതു്. രണ്ടു ദിവസം ചർച്ച കഴിഞ്ഞപ്പോൾ അവിടത്തെ മന്ത്രിസഭാക്ഷീണംകൊണ്ടു് മൂന്നു ദിവസം നടപടി നിർത്തിവയ്ക്കേണ്ടതായിവന്നു. പിന്നെ മന്ത്രിമാരുടെ സ്റ്റേറ്റുമെന്റുകൾ മൂലം രണ്ടുദിവസം താമസം നേരിട്ടു. അങ്ങനെ നഷ്ടപ്പെട്ട അഞ്ചുദിവസം നാട്ടിവയ്ക്കണമെന്നു് ആവശ്യപ്പെടുകയും എന്നാൽ അതു് അനുവദിക്കാതിരിക്കുകയും ഡിമാൻഡ്സ് എല്ലാം നിശ്ചിത ദിവസങ്ങൾക്കുള്ളിൽതന്നെ പാസാക്കിക്കുകയും ചെയ്തു. അതിനാൽ ഇന്നു് അഞ്ചുമണി ആകുമ്പോഴേക്കും ഡിമാൻഡുകളെല്ലാം ഒന്നിനു് പുറകെ ഒന്നായി വിളിച്ചു് പാസാക്കുന്നതാണെന്നുള്ള വിവരം ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു.

VOTING OF DEMANDS FOR GRANTS.

DEMAND XIII—EDUCATION—(*contd.*)

MR. JOSEPH MALIAKAL (*Thodupuzha I—General*) : എനിക്കു് ഒരു സംഗതി അറിയിക്കുവാനുണ്ടു്. അതായതു് വിദ്യാഭ്യാസത്തിനു് മുന്നു ഫെഡിങ്ങിലായിട്ടാണു് ചർച്ച നടക്കുന്നതെന്നു് പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് പലരും കട്ട് മോഷൻ അയച്ചിട്ടുണ്ടു്. കട്ട് മോഷൻ അയച്ചിട്ടുള്ള മിസ്റ്റർ ഗോവിന്ദനും മിസ്റ്റർ മന്നുള്ള പത്മനാഭപിള്ളയും, ഇതിനു മുമ്പു് കൈക്കൊണ്ട നടപടിയനുസരിച്ചു് പോകുകയാണെങ്കിൽ, മോഷനേ സംബന്ധിച്ചു് സംസാരിക്കുവാൻ സമയം കിട്ടുമെന്നും വരും ഇല്ലെന്നും വരും. അതിനാൽ മോഷനേ സംബന്ധിച്ചു് എല്ലാ പാർട്ടി അംഗങ്ങൾക്കും സംസാരിക്കുന്നതിനു് സമയം കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly